308
4/1/18

File No.FWLD-F1/161/2017-FWLD

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - വനം വകുപ്പിൽ 1992 മുതൽ കോടനാട് റേഞ്ചിന് കീഴിൽ വൈൽഡ് അനിമൽ റസ്ക്യൂ സെന്റർ, പിക്നിക് സ്പോർട്ട് എന്നിവിടങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ തുടർച്ചയായി ജോലി ചെയ്തു വരുന്ന ശ്രീ. ടി വി അജിയെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിനു അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(കൈ) നം./56/2017/വനം തീയതി,തിരുവനന്തപുരം, 30/12/2017

പരാമർശം:- 1. 14.05.2015-ലെ സ.ഉ (എം.എസ്)നം.29/2015/വനം നമ്പർ ഉത്തരവ്.
2. 28/12/2015 ലെ സ.ഉ.(എം.എസ്) നം. 110/2015/വനം നമ്പർ ഉത്തരവ്.
3. 19.09.2017-ലെ സ.ഉ. (ആർ. ടി ) നം. 355/2017/വനം. നമ്പർ ഉത്തരവ്.
4. ബഹു മുഖ്യമന്ത്രി സമക്ഷം ശ്രീ. ടി വി അജി സമർപ്പിച്ച 19/09/2017 തീയതി വച്ച നിവേദനം.

ഉത്തരവ്

വനം വകുപ്പിൽ 1992 മുതൽ കോടനാട് റേഞ്ചിന് കീഴിൽ വൈൽഡ് അനിമൽ റസ്ക്യൂ സെന്റർ, പിക്നിക് സ്പോർട്ട് എന്നിവിടങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ തുടർച്ചയായി ജോലി ചെയ്തു വരുന്ന ശ്രീ.ടി.വി. അജി തന്നെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA No.1086/17 ആയി കേസ് ഫയൽ ചെയ്യുകയുണ്ടായി. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, ശ്രീ.ടി.വി. അജി സർക്കാരിൽ സമർപ്പിച്ചിട്ടുള്ള 07/06/2017 തീയതി വച്ച നിവേദനത്തിന്മേൽ ടിയാനെ നേരിൽ കേട്ട് മൂന്ന് മാസത്തിനകം തീർപ്പ് കൽപ്പിക്കുവാൻ ഒന്നാം എതിർ കക്ഷിയായ വനം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിക്കൊണ്ട് 13/06/2017-ൽ ടി കേസ് തീർപ്പ് കൽപ്പിച്ച് വിധി പുറപ്പെടുവിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ട്രിബ്യൂണലിന്റെ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരനെ നേരിൽ കേൾക്കുകയും, പരാമർശം മൂന്ന് പ്രകാരം ശ്രീ. ടി വി അജിയുടെ ആവശ്യം നിരസിച്ചുകൊണ്ടു സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ടി ഉത്തരവിനെതിരെ പരാമർശം നാല് പ്രകാരം ബഹു മുഖ്യമന്ത്രി സമക്ഷം ശ്രീ. ടി വി അജി നിവേദനം സമർപ്പിക്കുകയുണ്ടായി.

2. വനം വകുപ്പിൽ 01.09.2013-ൽ 20 വർഷം തുടർച്ചയായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വന്നിരുന്നതും 56 വയസ് പൂർത്തിയാകാത്തതുമായ 234 താത്കാലിക ജീവനക്കാരെ പരാമർശം ഒന്ന്, രണ്ട് ലെ ഉത്തരവുകൾ പ്രകാരം വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയിരുന്നെങ്കിലും ടി രണ്ടു ഉത്തരവുകളിൽ നിന്നും തന്നെ ഒഴിവാക്കിയതായും, 1992 മുതൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന തനിക്കും മുൻ ഉത്തരവിലെ ആനുകൂല്യം ലഭിക്കാൻ അർഹതയുണ്ടെന്നും, കൂടാതെ തന്നെപ്പോലെ ഒഴിവാക്കപ്പെട്ട ശ്രീ.ഷാജി പി.തോമസ്, ശ്രീ. ബാലസുബ്രഹ്മണ്യം എന്നിവർ തങ്ങളെ സ്ഥിരപ്പെടുത്താത്തതിനെതിരെ ബഹുമാനപ്പെട്ട കോടതിയെ സമീപിച്ചതിൽ ബഹു കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാൻമാരെ സർക്കാർ പിന്നീട് സർവ്വീസിൽ സ്ഥിരപ്പെടുത്തിയതായും, എന്നാൽ സമാനമായ തന്നെ സർവ്വീസിൽ നാളിതുവരെ സ്ഥിരപ്പെടുത്തിയിട്ടില്ലായെന്നും, ദിവസക്കൂലി വാച്ചറായി ജോലി ചെയ്തിരുന്ന കാലയളവിൽ കരടിന്റെ ആക്രമണത്തിൽ തനിക്കു ഗുരുതരമായി പരിക്കേറ്റതായും, കൂടാതെ തന്നെപ്പോലെ തന്നെ താത്കാലിക ജോലിയിൽ പ്രവേശിച്ചപ്പോൾ 18 വയസ്സ് തികഞ്ഞിരുന്നില്ല എന്ന കാരണത്താൽ മേൽ രണ്ട് ഉത്തരവുകളിൽ നിന്നും ഒഴിവാക്കപ്പെട്ട ശ്രീ. സോജൻ വി രാജിന് പിന്നീട് 23/03/2017 ലെ GO (MS)No.14/17/വനം ഉത്തരവ് പ്രകാരം വനം വകുപ്പിൽ വാച്ചർ തസ്തികയിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ചു സ്ഥിരപ്പെടുത്തുകയുണ്ടായി എന്നും ആയതിനാൽ ഈ വൈകിയ വേളയിൽ മറ്റൊരു ജോലി

കണ്ടെത്തുക എന്നത് പ്രായോഗികമല്ലയെന്നും, തന്റെ കുടുംബത്തിന്റെ എക വരുമാനമാർഗ്ഗമാണ് തന്റെ ഈ ജോലി എന്നും, ആയതിനാൽ മാനുഷിക പരിഗണന നൽകി തന്നെയും സ്ഥിരപ്പെടുത്തണമെന്ന് ടിയാൻ അപേക്ഷിക്കുകയുണ്ടായി. .

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1/09/2013ൽ 20 വർഷത്തിലധികം ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കി വന്നിരുന്നതും, 56 വയസ്സ് കഴിയാത്തവരുമായ 234 ജീവനക്കാരെയാണ് 14/05/2015-ലെയും, 28/12/2015-ലെയും ഉത്തരവ് മുഖാന്തിരം സ്ഥിരപ്പെടുത്തിയിരുന്നത്. 10/05/1976ൽ ജനിച്ച ശ്രീ.ടി.വി. അജിയ്ക്ക് 09/05/1994 ൽ മാത്രമേ 18 വയസ്സ് പൂർത്തീകരിച്ചിട്ടുള്ളു. ആയതിനാൽ സർക്കാർ ഉത്തരവിലെ നിർണ്ണായക തീയതിയായ 01/09/2013ൽ ടിയാൻ 20 വർഷത്തെ താൽക്കാലിക ജോലി പൂർത്തിയാക്കിയെന്ന് കണക്കാക്കുവാൻ ചട്ട പ്രകാരം കഴിയുകയില്ല. എന്നിരുന്നാലും ശ്രീ.ടി.വി. അജി ചൂണ്ടിക്കാണിച്ച ശ്രീ സോൺ വി രാജിന്റെ കേസ് പരിശോധിച്ചതിൽ ടിയാൻ താത്കാലിക ജോലിയിൽ പ്രവേശിച്ചപ്പോൾ 18 വയസ്സ് തികഞ്ഞിരുന്നില്ല എങ്കിലും 14/05/2015-ലെ സ.ഉ (എം.എസ്)നം.29/2015/വനം നമ്പർ സർക്കാർ ഉത്തരവിലെ നിർണ്ണായക തീയതിയായ 01/09/2013ൽ ശ്രീ.സോൺ. വി. രാജ് 20 വർഷം തുടർച്ചയായി സേവനമനുഷ്ഠിച്ചിട്ടുണ്ട് എന്ന വസ്തുതയും, 135 താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയ പ്രസ്തുത സർക്കാർ ഉത്തരവിൽ ടിയാന്റെ പേരും ഉൾപ്പെട്ടിരുന്നു എന്ന വസ്തുതയും, 14.05.2015 ലെയും, 28.12.2015 ലെയും സർക്കാർ ഉത്തരവുകളിൽ ജീവനക്കാർ 18 വയസ്സിനു മുൻപ് സർവീസിൽ പ്രവേശിച്ചില്ല എന്ന് നിയമനാധികാരി ഉറപ്പുവരുത്തണമെന്ന നിബന്ധന ഉൾപ്പെടുത്തിയിരുന്നില്ല എന്ന വസ്തുതയും പരിഗണിച്ചാണ് GO(Ms) No. 14/2017/F&WLD dated 23.03.2017 പ്രകാരം ഒരു പ്രത്യേക കേസായി ശ്രീ സോൺ വി രാജിനെ വാച്ചർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ആയതു വച്ച് നോക്കുമ്പോൾ ശ്രീ. ടി വി അജിയും ഉത്തരവിലെ നിർണ്ണായക തീയതിയായ 01/09/2013ൽ 20 വർഷം തുടർച്ചയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. എന്നാൽ 14.05.2015-ലെ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിലേക്കായി ഭരണവിഭാഗം ഉപമുഖ്യവനപാലകൻ സമർപ്പിച്ച ലിസ്റ്റിൽ ശ്രീ. സോൺ വി രാജിനെപോലെ തന്നെ ടി ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ട ഒരാളായിരുന്നു ശ്രീ. ടി വി അജി. പക്ഷേ ടിയാന്റെ പേര് ഏതോ കാരണത്താൽ ടി ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെടുകയായിരുന്നു.

4 മേൽ സാഹചര്യത്തിൽ വനം വകുപ്പിൽ 1992 മുതൽ കോടനാട് റേഞ്ചിന് കീഴിൽ വൈൽഡ് അനിമൽ റസ്ക്യൂ സെന്റർ, പിക്നിക് സ്പോർട്ട് എന്നിവിടങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ തുടർച്ചയായി ജോലി ചെയ്തു വരുന്ന ശ്രീ. ടി വി അജിയെ വാച്ചർ തസ്തികയിൽ 8500-13210 ശമ്പള സ്കെയിലിൽ താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിനു അനുമതി നൽകി ഉത്തരവാകുന്നു. വനം വകുപ്പ് മുഖ്യവനപാലകർ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതായാണ്.

- ശ്രീ. ടി വി അജിയ്ക്കുവേണ്ടി സൃഷ്ടിക്കപ്പെടുന്ന സൂപ്പർ ന്യൂമററി തസ്തിക ടിയാൻ വിരമിക്കുന്നതോടെ നിർത്തലാക്കപ്പെടുന്നതാണ്.
- ഉത്തരവ് തിയതി മുതൽക്ക് മാത്രമേ ടിയാന് സ്ഥിരം ജീവനക്കാർക്കുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**വേണു.വി**
**പ്രിൻസിപ്പൽ സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & HoFF, തിരുവനന്തപുരം
അഡിഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം), തിരുവനന്തപുരം.
ശ്രീ. ടി വി അജി. (APCCF(A) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്. സി) വകുപ്പ് (ഇനം നം 1776, തീയതി 26.12.2017).
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

Signature valid

Digitally signed by SAJEEVAN M K
Date: 2018.01.01 12:02:33 IST
Reason: Approved

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 26-12-2017

ഫയൽ നം.161/എഫ്1/2017/വനം ഇനം നം: 1776

വിഷയം : വനം വന്യജീവി വകുപ്പ് - വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക വാച്ചറായി ജോലി നോക്കുന്ന ശ്രീ. ടി.വി. അജിയ്ക്ക് സ്ഥിരനിയമനം നൽകണമെന്ന ആവശ്യം.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. കെ.എം. എബ്രഹാം
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

# കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | 161/എഫ്1/2017/വനം |
| 2 | വകുപ്പ് | വനം വന്യജീവി (എഫ്) വകുപ്പ് |
| 3 | വിഷയം | വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക വാച്ചറായി ജോലി നോക്കുന്ന ശ്രീ.ടി.വി. അജിയ്ക്ക് സ്ഥിരനിയമനം നൽകണമെന്ന ആവശ്യം സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 29/11/17 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | അതെ<br>ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. സാജു പീറ്റർ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ഡോ. വി വേണു |
| 9 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 18/12/17 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. കെ എം എബ്രഹാം |
| 11 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 19/12/17 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ രാജു |
| 13 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 20/12/17 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 22/12/17 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വനം വകുപ്പിൽ ദിവസ വേതനാടിസ്ഥാനത്തിൽ താത്ക്കാലികവാച്ചറായി ജോലി നോക്കുന്ന ശ്രീ. ടി വി അജിയ്ക്ക് സ്ഥിരനിയമനം നല്കണമെന്ന ആവശ്യമാണ് ഈ കുറിപ്പിലെ വിഷയം.

2. വനം വകുപ്പിൽ 1992 മുതൽ കോടനാട് റേഞ്ചിന് കീഴിൽ വൈൽഡ് അനിമൽ റസ്ക്യൂ സെന്റർ, പിക്നിക്ക് സ്പോർട്ട് എന്നിവിടങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ തുടർച്ചയായി ജോലി ചെയ്തു വരുന്ന തന്നെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA No.1086/17 ആയി ശ്രീ.ടി.വി. അജി കേസ് ഫയൽ ചെയ്യുകയുണ്ടായി. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ശ്രീ.ടി.വി. അജി സർക്കാരിൽ സമർപ്പിച്ചിട്ടുള്ള 07/06/2017 തീയതി വച്ച നിവേദനത്തിന്മേൽ ടിയാനെ നേരിൽ കേട്ട് മൂന്ന് മാസത്തിനകം തീർപ്പ് കൽപ്പിക്കുവാൻ ഒന്നാം എതിർ കക്ഷിയായ വനം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിക്കൊണ്ട് 13/06/2017-ൽ ടി കേസ് തീർപ്പ് കൽപ്പിച്ച് വിധി പുറപ്പെടുവിക്കുകയുണ്ടായി.

3. ബഹുമാനപ്പെട്ട ട്രിബ്യൂണലിന്റെ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരനെ വനം വകുപ്പ് ആസ്ഥാനത്ത് നിന്നും, കോടനാട് റേഞ്ച് ഓഫീസിൽ നിന്നും ഹാജരായ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ 25/07/2017-ൽ നേരിൽ കേട്ടു. വനം വകുപ്പിൽ 01.09.2013-ൽ 20 വർഷം തുടർച്ചയായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വന്നിരുന്നതും 56 വയസ് പൂർത്തിയാകാത്തതുമായ 234 താത്കാലിക ജീവനക്കാരെ 14.05.2015-ലെ സർക്കാർ ഉത്തരവ് (എം.എസ്) 29/2015/വനം, 28.12.2015-ലെ സ.ഉ(എം.എസ്)നം.110/2015/വനം എന്നീ ഉത്തരവുകൾ പ്രകാരം വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയിരുന്നെങ്കിലും ടി രണ്ടു ഉത്തരവുകളിൽ നിന്നും തന്നെ ഒഴിവാക്കിയതായും, 1992 മുതൽ

താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന തനിക്കും മുൻ ഉത്തരവിലെ ആനുകൂല്യം ലഭിക്കാൻ അർഹതയുണ്ടെന്നും, കൂടാതെ തന്നെപ്പോലെ ഒഴിവാക്കപ്പെട്ട ശ്രീ.ഷാജി പിതോമസ്, ശ്രീ. ബാലസുബ്രഹ്മണ്യം എന്നിവർ തങ്ങളെ സ്ഥിരപ്പെടുത്താത്തതിനെതിരെ ബഹുമാനപ്പെട്ട കോടതിയെ സമീപിച്ചതിൽ ബഹു കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാൻമാരെ സർക്കാർ പിന്നീട് സർവ്വീസിൽ സ്ഥിരപ്പെടുത്തിയതായും, എന്നാൽ സമാനമായ തന്നെ സർവ്വീസിൽ നാളിതുവരെ സ്ഥിരപ്പെടുത്തിയിട്ടില്ലായെന്നും, ദിവസക്കൂലി വാച്ചറായി ജോലി ചെയ്തിരുന്ന കാലയളവിൽ കുരങ്ങിന്റെ ആക്രമണത്തിൽ തനിക്കു ഗുരുതരമായി പരിക്കേറ്റതായും, ആയതിനാൽ ഈ വൈകിയ വേളയിൽ മറ്റൊരു ജോലി കണ്ടെത്തുക എന്നത് പ്രായോഗികമല്ലയെന്നും, തന്റെ കുടുംബത്തിന്റെ ഏക വരുമാനമാർഗ്ഗമാണ് തന്റെ ഈ ജോലി എന്നും, ആയതിനാൽ മാനുഷിക പരിഗണന നൽകി തന്നെയും സ്ഥിരപ്പെടുത്തണമെന്ന് ടിയാൻ അപേക്ഷിക്കുകയുണ്ടായി.

4. 14.05.2015, 28.12.2015 തീയതികളിലെ സർക്കാർ ഉത്തരവിനെ തുടർന്ന് താത്കാലിക ജീവനക്കാരുടെ സേവനം ക്രമവത്കരിച്ച് സ്ഥിരനിയമനം നൽകുന്നത് സംബന്ധിച്ച് വനം വകുപ്പ് ആസ്ഥാനത്തു നിന്നും 02/06/2015 ലെ ഇ 6-9299/12 നമ്പർ നടപടി ഉത്തരവ് പ്രകാരം വിശദമായ മാർഗ നിർദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൽ ജീവനക്കാർ 18 വയസ്സിന് മുമ്പ് ജോലിയിൽ പ്രവേശിച്ചിരുന്നില്ല എന്ന് ഉറപ്പ് വരുത്തണമെന്ന നിബന്ധന വച്ചിരുന്നതായും, സർക്കാർ ജോലി ലഭിക്കുന്നതിനുള്ള കുറഞ്ഞ പ്രായം 18 വയസ്സാണ് എന്നതിനാലാണ് ഇങ്ങനെയൊരു നിബന്ധന വച്ചതെന്നും, ശ്രീ.ടി.വി. അജിയുടെ ജനന തീയതി 10.05.1976 ആണെന്നും, ആയതിനാൽ 09.05.1994 ൽ മാത്രമേ ടിയാന് 18 വയസ്സ് പൂർത്തിയാകുന്നുള്ളുവെന്നും, അപ്രകാരം നോക്കുമ്പോൾ മേൽ സർക്കാർ

ഉത്തരവുകളിലെ നിർണ്ണായക തീയതിയായ 01/09/2013 ൽ ടിയാൻ 20 വർഷം താൽക്കാലിക ജോലി പൂർത്തിയാക്കിയെന്ന് കണക്കാക്കാൻ ചട്ടപ്രകാരം കഴിയുകയില്ലായെന്നും, ആയതിനാൽ ശ്രീ.ടി.വി. അജിയുടെ പേര് 2015 ൽ 20 വർഷത്തെ പൂർത്തിയാക്കിയ 44 പേരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി സർക്കാരിലേക്ക് സമർപ്പിച്ചതായും എന്നിരുന്നാലും ശ്രീ ടി വി അജിയ്ക്ക് നിർണ്ണായക തിയതിയായ 01/09/2013 ൽ 20 വർഷം സേവനം പൂർത്തീകരിച്ചിട്ടുള്ളതിനാൽ ടിയാന്റെ കാര്യത്തിൽ അനുകൂല നിലപാട് സ്വീകരിക്കുന്നതിൽ എതിർപ്പില്ല എന്നും വനം വകുപ്പ് ആസ്ഥാനത്ത് നിന്നും ഹാജരായവർ അറിയിക്കുകയുണ്ടായി.

5. എന്നാൽ തന്നെപ്പോലെ തന്നെ താത്കാലിക ജോലിയിൽ പ്രവേശിച്ചപ്പോൾ 18 വയസ്സ് തികഞ്ഞിരുന്നില്ല എന്ന കാരണത്താൽ മേൽ രണ്ട് ഉത്തരവുകളിൽ നിന്നും ഒഴിവാക്കപ്പെട്ട ശ്രീ. സോൺ വി രാജിന് പിന്നീട് 23/03/2017 ലെ GO (MS)No.14/17/വനം ഉത്തരവ് പ്രകാരം വനം വകുപ്പിൽ വാച്ചർ തസ്തികയിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുകയുണ്ടായി എന്ന് ശ്രീ.ടി.വി. അജി പിന്നീട് ബോധിപ്പിക്കുകയുണ്ടായി.

6. 1/09/2013 ൽ 20 വർഷത്തിലധികം ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കി വന്നിരുന്നതും, 56 വയസ്സ് കഴിയാത്തവരുമായ 234 ജീവനക്കാരെയാണ് 14/05/2015-ലെയും, 28/12/2015-ലെയും ഉത്തരവ് മുഖാന്തിരം സ്ഥിരപ്പെടുത്തിയിരുന്നത്. 10/05/1976 ൽ ജനിച്ച ശ്രീ.ടി.വി. അജിയ്ക്ക് 09/05/1994 ൽ മാത്രമേ 18 വയസ്സ് പൂർത്തീകരിച്ചിട്ടുള്ളു. ആയതിനാൽ സർക്കാർ ഉത്തരവിലെ നിർണ്ണായക തീയതിയായ 01/09/2013 ൽ ടിയാൻ 20 വർഷത്തെ താൽക്കാലിക ജോലി പൂർത്തിയാക്കിയെന്ന് കണക്കാക്കുവാൻ ചട്ട പ്രകാരം കഴിയുകയില്ല. എന്നിരുന്നാലും നേരിൽകേട്ട വേളയിൽ ശ്രീ.ടി.വി. അജി ചൂണ്ടിക്കാണിച്ച ശ്രീ

സോൺ വി രാജിന്റെ കേസ് പരിശോധിച്ചതിൽ ടിയാൻ താത്കാലിക ജോലിയിൽ പ്രവേശിച്ചപ്പോൾ 18 വയസ്സ് തികഞ്ഞിരുന്നില്ല എങ്കിലും 14/05/2015-ലെ സ.ഉ (എം.എസ്) നം.29/2015/വനം നമ്പർ സർക്കാർ ഉത്തരവിലെ നിർണ്ണായക തീയതിയായ 01/09/2013 ൽ ശ്രീ.സോൺ. വി. രാജ് 20 വർഷം തുടർച്ചയായി സേവനമനുഷ്ഠിച്ചിട്ടുണ്ട് എന്ന വസ്തുതയും, 135 താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയ പ്രസ്തുത സർക്കാർ ഉത്തരവിൽ ടിയാന്റെ പേരും ഉൾപ്പെട്ടിരുന്നു എന്ന വസ്തുതയും, 14.05.2015 ലെയും, 28.12.2015 ലെയും സർക്കാർ ഉത്തരവുകളിൽ ജീവനക്കാർ 18 വയസ്സിനു മുൻപ് സർവീസിൽ പ്രവേശിച്ചില്ല എന്ന് നിയമനാധികാരി ഉറപ്പുവരുത്തണമെന്ന നിബന്ധന ഉൾപ്പെടുത്തിയിരുന്നില്ല എന്ന വസ്തുതയും പരിഗണിച്ചാണ് GO(Ms) No. 14/2017/F&WLD dated 23.03.2017 പ്രകാരം ഒരു പ്രത്യേക കേസായി ശ്രീ സോൺ വി രാജിനെ വാച്ചർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ആയതു വച്ച് നോക്കുമ്പോൾ ശ്രീ. ടി വി അജിയും ഉത്തരവിലെ നിർണ്ണായക തീയതിയായ 01/09/2013 ൽ 20 വർഷം തുടർച്ചയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. എന്നാൽ 234 താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയ പ്രസ്തുത സർക്കാർ ഉത്തരവുകളിൽ ഒന്നും തന്നെ ശ്രീ ടി വി അജിയുടെ പേര് ഉൾപ്പെട്ടിരുന്നില്ല. എന്നാൽ 14.05.2015-ലെ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിലേക്കായി ഭരണവിഭാഗം ഉപമുഖ്യവനപാലകൻ സമർപ്പിച്ച ലിസ്റ്റിൽ ശ്രീ. സോൺ വി രാജിനെപോലെ തന്നെ ടി ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ട ഒരാളായിരുന്നു ശ്രീ. ടി വി അജി. പക്ഷേ ടിയാന്റെ പേര് ഏതോ കാരണത്താൽ ടി ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെടുകയായിരുന്നു. ആയതിനാൽ തന്നെ 234 താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയ പ്രസ്തുത സർക്കാർ ഉത്തരവുകളിൽ ഒന്നും തന്നെ ശ്രീ ടി വി അജിയുടെ പേര് ഉൾപ്പെട്ടിരുന്നില്ല എന്നത് ടിയാന്റെ അർഹതക്കുറവായി കാണാൻ പറ്റില്ല.

7. എന്നാൽ Appeal (Civil) 3595-3612 of 1999-State of Karnataka V/s Umadevi എന്ന കേസിലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 10/04/2006 ലെ വിധിയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കീഴിൽ 10 വർഷത്തിലധികമായി താത്ക്കാലിക സേവനമനുഷ്ഠിക്കുന്നവരെ ഒറ്റത്തവണ പരിഹാരമെന്ന നിലയിൽ (as a one time measure) 6 മാസത്തിനുള്ളിൽ സ്ഥിരപ്പെടുത്തണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഇത്തരത്തിൽ ഇടയ്ക്കിടെ താൽക്കാലിക നിയമനം നടത്തുകയും പിന്നീട് സ്ഥിരപ്പെടുത്തുകയും ചെയ്യുന്ന പ്രവണത അവസാനിപ്പിക്കണമെന്നും വിധി ന്യായത്തിൽ നിർദ്ദേശിക്കുകയുണ്ടായി. ബഹുമാനപ്പെട്ട സുപ്രീം കോടതി നിർദ്ദേശിച്ച ആറു മാസ കാലാവധി 09/10/2006 ൽ അവസാനിച്ചു. ആയതിനാൽ 10/10/2006-നു ശേഷമുള്ള ഇത്തരത്തിലുള്ള സ്ഥിര നിയമനങ്ങൾ കോടതിയലക്ഷ്യത്തിലേക്ക് നയിച്ചേക്കാം. കൂടാതെ ടി വിധി ചൂണ്ടികാണിച്ചുകൊണ്ടു താൽക്കാലിക ജീവനക്കാരെ യാതൊരു കാരണവശാലും സർവ്വീസിൽ റഗുലറൈസ് ചെയ്യരുതെന്നും, ഈ വകുപ്പ് മുമ്പ് 14/05/2015 ലെ സ.ഉ (എം.എസ്) 29/15/വനം, 28/12/2015 ലെ സ.ഉ (എം.എസ്) 110/15/വനം അനുസരിച്ച് സ്ഥിരപ്പെടുത്തിയ 234 താൽക്കാലിക ജീവനക്കാരുടെ നിയമനം മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുനഃപരിശോധിക്കേണ്ടതാണെന്നും ധനവകുപ്പും നിയമ വകുപ്പും സമാന ഫയലുകളിൽ അറിയിച്ചിട്ടുണ്ട്.

8. ശ്രീ. സോൺ വി രാജിനെപ്പോലെ തന്നെ താല്ക്കാലിക സർവീസിൽ സ്ഥിരപ്പെടുന്നതിനുള്ള മറ്റെല്ലാ യോഗ്യതകളും ശ്രീ ടി വി അജിയ്ക്കുള്ളതിനാൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് ശ്രീ ടി വി അജിയ്ക്ക് കൂടി നിയമനം നൽകുന്ന കാര്യം മന്ത്രിസഭയുടെ പരിഗണനക്ക് സമർപ്പിക്കുന്ന കാര്യത്തിൽ ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ ഒരാളുടെ വിഷയം സ്പെഷ്യൽ കേസ് ആയി സർക്കാർ തീരുമാനിച്ചെന്നത് മറ്റൊരു കേസിൽ കീഴ്വഴക്കമാകില്ലെന്നും, സ്പെഷ്യൽ കേസിനു general applicability ഇല്ലെന്നുമുള്ള

അഭിപ്രായത്തോടെ ശ്രീ അജിയുടെ അപേക്ഷ നിരസിക്കുവാൻ ബഹു വനം വകുപ്പ് മന്ത്രി ഉത്തരവായിരുന്നു.

9. തുടർന്ന് 19.09.2017-ലെ GO(Rt) No. 355/2017/F&WLD നമ്പർ ഉത്തരവ് പ്രകാരം ശ്രീ ടി വി അജിയുടെ അപേക്ഷ നിരസിച്ച ഉത്തരവായിരുന്നു. ടി ഉത്തരവിനെതിരെ ശ്രീ. ടി വി അജി ബഹു മുഖ്യമന്ത്രി മുൻപാകെ നിവേദനം സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

14/05/2015-ലെ സ.ഉ (എം.എസ്)നം.29/2015/വനം നമ്പർ സർക്കാർ ഉത്തരവിലെ നിർണ്ണായക തീയതിയായ 01/09/2013 ൽ ശ്രീ. ടി വി അജി 20 വർഷം തുടർച്ചയായി സേവനമനുഷ്ഠിച്ചിട്ടുണ്ട് എന്ന വസ്തുതയും, താല്ക്കാലിക സർവീസിൽ സ്ഥിരപ്പെടുന്നതിനുള്ള മറ്റെല്ലാ യോഗ്യതകളും ശ്രീ ടി വി അജിയ്ക്കുണ്ട് എന്ന വസ്തുതയും കണക്കിലെടുത്ത്, ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് ശ്രീ. ടി വി അജിയെ വനം വകുപ്പിൽ വാച്ചർ തസ്തികയിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകാമോ?